# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2539 — 17/08/2017 - ൽ മറുപടിക്ക്

### ഇ.എസ്.ഐ. ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം.ഉമ്മർ<br>" എൻ.എ. നെല്ലിക്കുന്ന്<br>" സി.മമ്മൂട്ടി<br>" ടി.എ.അഹമ്മദ് കബീർ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗികൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനുമായി രൂപീകരിച്ച കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) & (ബി) | ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന്റെ മൂന്ന് മേഖലകളിലും ഉള്ള ഇ.എസ്.ഐ സ്ഥാപനങ്ങളിൽ സന്ദർശനം നടത്തിയ ശേഷം തയ്യാറാക്കിയ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | | |
| (സി) | ഇ.എസ്.ഐ. പരിരക്ഷ ലഭിക്കുന്നതിനുള്ള തൊഴിലാളികളുടെ വേതന പരിധി ഇപ്പോൾ എത്രയാണ്; പ്രസ്തുത പരിധി ഉയർത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | ഇ.എസ്.ഐ. ചികിത്സാ പരിധിയിൽ ഉൾപ്പെടുന്നതിനുള്ള പ്രതിമാസ വരുമാന പരിധി 01.01.2017 ൽ 15,000/-രൂപയിൽ നിന്നും 21,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വരുമാന പരിധി ഉയർത്തുന്ന കാര്യം നിശ്ചയിക്കുന്നത് ഇ.എസ്.ഐ കോർപ്പറേഷനാണ്. |

സെക്ഷൻ ഓഫീസർ

## ശുപാർശകൾ

മൂന്നംഗ കമ്മിറ്റി കേരളത്തിലെ ഇ.എസ്.ഐ സ്ഥാപനങ്ങളുടെ സമഗ്ര പുരോഗതിക്കായി താഴെപ്പറയുന്ന ശുപാർശകൾ സർക്കാരിന്റെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു. 2018-2019-ഓടെ കേരളത്തിലെ പ്രൈമറി കെയർ നൽകുന്ന ഡിസ്പെൻസറികൾ, സെക്കൻഡറി കെയർ നൽകുന്ന ആശുപത്രികൾ ഇവയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം ആവശ്യത്തിന് ജീവനക്കാരെ നിയമിക്കേണ്ടതും ആവശ്യമാണ്.

### (എ) ഡിസ്പെൻസറികൾ

സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എല്ലാ ഡിസ്പെൻസറികളുടേയും അറ്റകുറ്റപ്പണികളും സ്പെഷ്യൽ റിപ്പയറും ഉടനടി നടത്താനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്. ഡിസ്പെൻസറികളുടെ ചുറ്റുമുള്ള കാടുവെട്ടിത്തെളിക്കുവാൻ വർഷത്തിൽ 2 പ്രാവശ്യമാണ് ഇംപ്രൂവ്മെന്റ് ഫണ്ട് സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറുടെ ഓഫീസിൽ നിന്ന് ലഭിച്ചിരുന്നത്. ഇപ്പോൾ ആശുപത്രികൾക്കും അനുബന്ധ ഡിസ്പെൻസറികൾക്കും കാടുവെട്ടിത്തെളിക്കുവാനുള്ള തുക പ്ലാൻ ഫണ്ട് മുഖേനയാണ് ലഭിക്കുന്നത്. നോൺ സപ്ലൈ ആയ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് പോലെ സർക്കാർ ഏജൻസികൾ വഴി ലഭിക്കുവാനുള്ള അനുവാദം സർക്കാർ തലത്തിൽ ലഭ്യമാക്കേണ്ടതുണ്ട്. പകർച്ചവ്യാധികൾ ഉണ്ടാകുന്ന ഘട്ടങ്ങളിൽ അടിയന്തിരമായി മരുന്ന് വാങ്ങുന്നതിന് നടപടിക്രമം ആവശ്യമാണ്. 142 ഡിസ്പെൻസറികളിൽ 10 എണ്ണത്തിൽ മാത്രമേ ലാബ് സൗകര്യമുള്ളൂ. മൊബൈൽ ലാബ് സൗകര്യം ഓരോ മേഖലയിലും നടപ്പിലാക്കുവാനുള്ള പ്രൊപ്പോസൽ 2018-2019-ലെ പ്ലാൻ പ്രൊപ്പോസലിൽ വച്ചിട്ടുണ്ട്. ഇ.എസ്.ഐ കോർപ്പറേഷൻ മാനദണ്ഡങ്ങൾ അനുസരിച്ച് 6 കിടക്കകളുള്ള ഒബ്സർവേഷൻ ഡിസ്പെൻസറികൾ തുടങ്ങുവാൻ സ്വന്തം സ്ഥലം ഉള്ള ഡിസ്പെൻസറികളുടെ ലിസ്റ്റ് കോർപ്പറേഷന് നൽകിയെങ്കിലും നാളിതുവരെ തീരുമാനമായില്ല. ചാക്ക, പാപ്പിനിശ്ശേരി എന്നിവിടങ്ങളിൽ 6 കിടക്കകളുള്ള ഒബ്സർവേഷൻ ഡിസ്പെൻസറികൾ തുടങ്ങുവാൻ സ്ഥലസൗകര്യവും ജീവനക്കാരും ഉണ്ടെന്ന് സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറെ അറിയിച്ചിരുന്നു. 1 ½ ലക്ഷത്തിൽ താഴെയുള്ള ചെലവിൽ ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങാമെന്ന വസ്തുതയും അറിയിച്ചെങ്കിലും നാളിതുവരെ സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറുടെ ഭാഗത്തുനിന്ന് തീരുമാനമായിട്ടില്ല.

ചവറയിലും, തൊടുപുഴയിലും ഓരോ ആയുർവ്വേദ യൂണിറ്റ് ആരംഭിക്കുവാൻ 2014-ൽ സർക്കാർതലത്തിൽ അനുവാദം ലഭിച്ചതാണ്. ഈ രണ്ട് ഡിസ്പെൻസറികളുടേയും ഒ.പി സ്റ്റാറ്റസ് (അലോപ്പതി വിഭാഗം) 200-ൽ താഴെയായതിനാൽ ഇ.എസ്.ഐ കോർപ്പറേഷൻ അനുവാദം നൽകിയിട്ടില്ല. മറിച്ച് 200-ൽ കൂടുതൽ ഒ.പി ഉള്ളതും സമീപ ഡിസ്പെൻസറികളിൽ ആയുർവ്വേദവിഭാഗമില്ലാത്തതുമായ ഡിസ്പെൻസറി-കളിലോ ആശുപത്രിയിലോ പ്രസ്തുത യൂണിറ്റ് തുടങ്ങുന്നത് നന്നായിരിക്കും. മലപ്പുറം ജില്ലയിൽ ആയുർവ്വേദ, ഹോമിയോ വിഭാഗമില്ല. കഞ്ചിക്കോട് ഒരു ഹോമിയോ യൂണിറ്റ് ആരംഭിക്കുന്നത് പാലക്കാട് ജില്ലയിലെ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടും.

പരിതാപകരമായ അവസ്ഥയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൈലം, പട്ടാഴി, ചങ്ങനാശ്ശേരി, ചാലക്കുടി, കണ്ണൂർ, കോട്ടക്കൽ, ഒറ്റപ്പാലം, മഞ്ചേരി, കഞ്ചിക്കോട് ഡിസ്പെൻസറികൾക്ക് പുതിയ വാടകക്കെട്ടിടങ്ങൾ കണ്ടെത്തുവാനുള്ള നടപടി സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറുടെ ഭാഗത്തു നിന്ന് ഉണ്ടാകണം.

ഡിസ്പെൻസറികളുടെ നിലവാരം ഉയർത്തിയാൽ ഉപഭോക്താക്കളുടെ പരാതി ഗണ്യമായി കുറയും.

<u>(ബി) ആശുപത്രികൾ</u>

നിലവിലുള്ള 9 ആശുപത്രികളിൽ കൃത്യമായ സ്പെഷ്യാലിറ്റി സേവനം പേരൂർക്കട, എറണാകുളം, ഒളരിക്കര, ഫെറോക്ക് ആശുപത്രികളിൽ മാത്രമേയുള്ളൂ. 2017 മെയ് മാസം അനുവദനീയമായ സ്പെഷ്യാലിറ്റി തസ്തികകൾ നികത്തുകയും പി.ജി കഴിഞ്ഞു വന്ന ഡോക്ടർമാരെ ആശുപത്രികളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇ.എസ്.ഐ ആക്ട് പ്രകാരം ന്യായമായ മെഡിക്കൽ കെയർ ആശുപത്രികൾ വഴി ഐ.പികൾക്ക് നൽകേണ്ടത് സംസ്ഥാന സർക്കാരിന്റെ ചുമതലയാണ്. ഓരോ

ആശുപത്രികളിലേയും, ഒ.പി/ഐ.പി സ്റ്റാറ്റസ്, വൈദഗ്ദ്ധ്യമനുസരിച്ച് നൽകുന്ന സേവനങ്ങൾ, ഓരോ മാസങ്ങളിലുമുള്ള സ്പെഷ്യാലിറ്റി റഫറൻസ് തുടങ്ങിയവ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ വിലയിരുത്തുന്നത് നന്നായിരിക്കും.

ആശുപത്രികളുടെ അറ്റകുറ്റപ്പണികൾക്കും നവീകരണ പ്രവർത്തനത്തിനുമായി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പാസ്സാക്കിയ എസ്റ്റിമേറ്റുകൾക്കുള്ള ഫണ്ട് കൃത്യമായി കോർപ്പറേഷനിൽ നിന്ന് ലഭ്യമാക്കേണ്ടതുണ്ട്. ഈ വകുപ്പ് നേരിടുന്ന പ്രധാന പ്രശ്നവും ഇതു തന്നെയാണ്. ആശുപത്രികളിൽ ഐ.പി മാനേജർ/ഐ.റ്റി അസിസ്റ്റന്റിനെ പോസ്റ്റ് ചെയ്യുവാൻ സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർതലത്തിലുള്ള നടപടി ഉടനെയുണ്ടാകണം. സൂപ്പർ സ്പെഷ്യാലിറ്റി ഒ.പികൾ തുടങ്ങുവാനുള്ള നടപടികളും കോർപ്പറേഷൻതലത്തിൽ നടത്തേണ്ടതാണ്.

എറണാകുളം ആശുപത്രിയുടെ ബെഡ് ഒക്യുപെൻസി കഴിഞ്ഞ മൂന്ന് വർഷമായി 70%-ൽ കൂടുതലാണ്. ബെഡ് സ്ട്രെങ്ത് 50% ഉയർത്തേണ്ടതുണ്ട്.

ഇ.എസ്.ഐ സ്ഥാപനങ്ങളിലെ പരാതി സെൽ പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്.

അടിയന്തിരഘട്ടങ്ങളിലേക്കാവശ്യമായ Imprest Money താഴെപ്പറയുന്ന രീതിയിൽ ഇ.എസ്.ഐ കോർപ്പറേഷനിൽ നിന്ന് ലഭ്യമാക്കണം.

Imprest Money ₹ 25,000/- hospitals at a time maximum 3 lakhs/year

Dispensaries with own building ₹ 15,000/- at a time 1.5 lakhs/year

## (സി) <u>അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് & സ്റ്റോർ</u>

ചക്കോരത്തുകുളത്ത് പ്രവർത്തിക്കുന്ന സബ്സ്റ്റോർ അടിയന്തിരമായി വാടകക്കെട്ടിടത്തിലേയ്ക്ക് മാറ്റേണ്ടതുണ്ട്. ചാലപ്പുറത്തുള്ള റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, സബ് സ്റ്റോർ & ഇ.എസ്.ഐ ഡിസ്പെൻസറി, ചാലപ്പുറം ഉൾപ്പെടുത്തി 12000 സ്ക്വയർ ഫീറ്റിന്റെ ഒരു കെട്ടിടസമുച്ചയം പണിതു തരുവാൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നടപടിയൊന്നും

ഉണ്ടായിട്ടില്ല. അതേപോലെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മദ്ധ്യമേഖല ഓഫീസ്, സബ്സ്റ്റോർ ഫോർട്ട് കൊച്ചി & ഇ.എസ്.ഐ ആശുപത്രി എറണാകുളവും ചേർന്നുള്ള 12000 സ്ക്വയർ ഫീറ്റിന്റെ ഒരു കെട്ടിടസമുച്ചയം എറണാകുളം ഇ.എസ്.ഐ ആശുപത്രി കോമ്പൗണ്ടിൽ . ആവശ്യമാണ്. കൂടാതെ തിരുവനന്തപുരത്തെ സെൻട്രൽ സ്റ്റോറിന്റെ കെട്ടിടത്തിൽ 3-ാം നില കൂടി പണിതു തന്നാൽ മരുന്നു സൂക്ഷിക്കുവാൻ സഹായകരമായിരിക്കും. (ഇ.എസ്.ഐ കോർപ്പറേഷൻ)

സെക്ഷൻ ഓഫീസർ